9
തിങ്കൾ
2017 ജനുവരി
1192 ധനു 25

മക്തബ്

www.makthabdaily.com

WISDOM GLOBAL ISLAMIC MISSION
ISM കണ്ണൂർ ജില്ലാ കമ്മിറ്റിയും
മലബാർ കാൻസർ സെന്ററും
തലശ്ശേരി
(കേരള സർക്കാരിൻ കീഴിലുള്ള സ്വയംഭരണ സ്ഥാപനം)
സംയുക്തമായി സംഘടിപ്പിക്കുന്ന
സൗജന്യ കാൻസർ നിർണ്ണയ ക്യാമ്പും ബോധവൽക്കരണ ക്ലാസ്സും
കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽ (പഴയ ബസ്സ്റ്റാന്റിന് സമീപം)
2017 ജനുവരി 10 ചൊവ്വ 9 am – 11.30 am
രജിസ്ട്രേഷന് വിളിക്കുക: 9645099797, 9447411307
കൂടുതൽ വിവരങ്ങൾക്ക്: കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മലബാർ കാൻസർ സെന്റർ, തലശ്ശേരി ഫോൺ: 0490 2355881, 9496048812, 9496048817

തളിപ്പറമ്പ | പുസ്തകം 10 ലക്കം 75 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2015-17 | Ph: 0460- 2208010 | പേജ് 4 വില: 4.00 രൂപ

കുപ്രസിദ്ധ കവർച്ചാ സംഘത്തലവൻ ബ്ലാക്ക്മാൻ തലശേരിയിൽ പിടിയിൽ

തലശേരി: ബ്ലാക്ക്മാൻ എന്ന പേരിൽ അറിയപ്പെടുന്ന കുപ്രസിദ്ധ കവർച്ചക്കാരനെ തലശേരി സി.ഐ പ്രദീപൻ കണ്ണിപൊയിൽ, എടക്കാട് എസ്.ഐ അനിൽ എന്നിവർ ചേർന്ന് അറസ്റ്റ് ചെയ്തു. വയനാട്, പനമരം കരണിയിലെ നാലു സെന്റ് കോളനിയിൽ താമസിക്കുന്ന രാജപ്പൻ (32) ആണ് പിടിയിലായത്.

കളവുമുതൽ വിൽക്കുന്നതിന് കഴിഞ്ഞ ദിവസം തലശേരി ലോഗൻസ് റോഡിലെ ഒരു ജ്വല്ലറിയുടെ മുന്നിലെത്തിയപ്പോഴാണ് രാജപ്പനെ പോലീസ് പിടികൂടിയത്. കഴിഞ്ഞ ആറിന് പുലർച്ചെ 1.15 ഓടെ വീട്ടിൽ കയറി കിടന്നുറങ്ങുകയായിരുന്ന കടമ്പൂരിലെ രമ്യയുടെ കഴുത്തിൽ നിന്ന് രണ്ടേ മുക്കാൽ പവന്റെ താലിമാലയും 2700 രൂപയും കവർച്ച ചെയ്തത് ഇയാളായിരുന്നു. ഈ ആഭരണം വിൽക്കുന്നതിന് വേണ്ടിയാണ് ജ്വല്ലറിക്ക് മുന്നിലെത്തിയത്. കവർച്ച നടത്തിയ വീടിന് സമീപത്തെ കുളത്തിൽ ഇയാൾ കുളിക്കാൻ വരാറുണ്ടായിരുന്നു. ഈ സമയത്താണ് കവർച്ച നടത്തേണ്ട വീട് കണ്ടുവച്ചത്.

18 ഓളം കേസുകളിൽ പ്രതിയാണ് രാജപ്പൻ. വീടുകൾ കയറി ആളുകളെ ഭീഷണിപ്പെടുത്തിയും തലക്ക് വീഴ്ത്തിയും കവർച്ച നടത്തുന്ന കുപ്രസിദ്ധ സംഘത്തിന്റെ തലവനാണ് ഇയാൾ. 2008ൽ ഇയാൾ ഉൾപ്പെട്ട എട്ടംഗ സംഘത്തെ തലശേരി പോലീസ് അറസ്റ്റ് ചെയ്തിരുന്നു. അന്ന് 14 കേസുകൾ തെളിഞ്ഞിരുന്നു. തുടർന്ന് തലശേരി കോടതി 24 വർഷത്തെ തടവിന് ഇയാളെ ശിക്ഷിച്ചിരുന്നു. എന്നാൽ മേൽ കോടതിയിൽ നൽകിയ അപ്പീലിൽ തടവ് ഏഴു വർഷമാക്കി ചുരുക്കി. തുടർന്ന് 2013ൽ ജയിലിൽ നിന്ന് പുറത്തിറങ്ങി. വയനാട്ടിലെത്തിയ ഇയാൾ മീനങ്ങാടി കേന്ദ്രീകരിച്ച്


ബ്ലാക്ക്മാൻ എന്ന രാജപ്പൻ

ഒരു ഗ്യാങ് രൂപീകരിച്ച് റിപ്പർ മോഡൽ അക്രമത്തിലൂടെ കവർച്ച നടത്തി ജനങ്ങളെ ഭീതിയിലാഴ്ത്തി. ഇതേ തുടർന്ന് നാട്ടുകാർ സംഘടിച്ച് രാജപ്പനെ പിടികൂടി പോലീസിൽ ഏൽപ്പിച്ചിരുന്നു. കഴിഞ്ഞ നവംബർ 15ന് ജയിലിൽ നിന്ന് വീണ്ടും പുറത്തിറങ്ങിയ രാജപ്പൻ തന്റെ സംഘാംഗങ്ങളെ വീണ്ടും ഒരുമിപ്പിച്ച് ചേർക്കാനുള്ള പ്രവർത്തനം നടത്തിവരികയായിരുന്നു. അതിനിടയിലാണ് കടമ്പൂരിൽ കവർച്ച നടത്തിയത്. നേരത്തെ മുഴപ്പിലങ്ങാട് കോളനിയിൽ ഇയാൾ വാടകക്ക് താമസിച്ചിരുന്നു. കടമ്പൂരിൽ കവർച്ച നടന്നതിന് ഒരു ദിവസം മുമ്പേ ഇയാൾ തലശേരിയിലെത്തി. അവിടെ നിന്ന് മുഴപ്പിലങ്ങാട് എത്തിയ രാജപ്പൻ എടക്കാട് പോയി സിനിമ കണ്ടു. പുലർച്ചെ കവർച്ച നടത്തിയ ശേഷം രാത്രി പാറപ്രം പാലത്തിനടിയിൽ കിടന്നുറങ്ങി. രാവിലെ അവിടെ നിന്ന് സ്വർണ്ണാഭരണം വിൽക്കാൻ തലശേരിയിലെത്തുകയായിരുന്നു. തലശേരി സി.ഐയുടെ സ്ക്വാഡിലെ എസ്.ഐ വത്സൻ, ബിജുലാൽ, അജയൻ, വിനോദ്, സുജേഷ് എന്നിവരും രാജപ്പനെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു. രാജപ്പനെ കോടതി റിമാന്റ് ചെയ്തു.

കെ. സി. കടമ്പൂരാൻ അന്തരിച്ചു

കണ്ണൂർ: തലമുതിർന്ന കോൺഗ്രസ് നേതാവ് കെ.സി.കടമ്പൂരാൻ അന്തരിച്ചു. 78 വയസായിരുന്നു. 12–ാം വയസിൽ ബാലസംഘത്തിലൂടെ പൊതുരംഗത്തേക്ക് കടന്നുവന്ന കെ.അനന്തനായരാണ് കെ.സി.കടമ്പൂരാൻ എന്ന പേരിൽ ജില്ലയിലെ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ അമരക്കാരനായി മാറിയത്. 1957–ൽ കടമ്പൂർ മണ്ഡലം കോൺഗ്രസ് സെക്രട്ടറിയായ അദ്ദേഹം 59–ൽ വിമോചന സമരത്തിൽ പങ്കെടുത്ത് ഒരു മാസം ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. 1960–62 കാലഘട്ടത്തിൽ മാതൃഭൂമിയുടെ പ്രാദേശിക ലേഖകനായും പി.വി.കെ.നെടുങ്ങാടിയുടെ കീഴിൽ സുദർശനം, ദേശമിത്രം പത്രങ്ങളിൽ ലേഖകനായും പ്രവർത്തിച്ചു. 62–ൽ പട്ടാളത്തിൽ ചേർന്നു. 1991–ൽ ക്യാപ്റ്റൻ റാങ്കിൽ പട്ടാളത്തിൽ നിന്ന് വിരമിച്ച കടമ്പൂരാൻ ചൈന യുദ്ധത്തിൽ പങ്കാളിയായിരുന്നു. പട്ടാളത്തിൽ നിന്ന് വിരമിച്ച ശേഷം കോൺഗ്രസ് പ്രവർത്തനത്തിൽ സജീവമായ അദ്ദേഹം 91 മുതൽ 2001 വരെ കണ്ണൂർ ഡി.സി.സിയുടെ ജനറൽ സെക്രട്ടറിയായിരുന്നു. 2001–05ൽ കെ.പി.സി.സി സെക്രട്ടറിയായും പ്രവർത്തിച്ചു. എന്നാൽ 2005 -ൽ കെ.കരുണാകരനോടൊപ്പം ഡി.ഐ.സി രൂപീകരണത്തിൽ പങ്കാളിത്തം വഹിച്ച കടമ്പൂരാൻ അതിന്റെ ജില്ലാ പ്രസിഡണ്ടും സംസ്ഥാന ജനറൽ സെക്രട്ടറിയുമായി പ്രവർത്തിച്ചു. 2007–ൽ കോൺഗ്രസിൽ തിരിച്ചെത്തിയ കടമ്പൂരാൻ അന്ന് മുതൽ കെ.പി.സി.സി എക്സിക്യൂട്ടീവ് അംഗമാണ്.

റെയ്ഡ്കോ ഡയരക്ടർ, സംസ്ഥാന മാർക്കറ്റിംഗ് സൊസൈറ്റി ഡയരക്ടർ, പരിയാരം മെഡിക്കൽ കോളേജ് ഡയരക്ടർ,

(ശേഷം നാലാം പേജിൽ)

പ്രസംഗവേദികളിൽ കത്തിജ്വലിച്ച നേതാവ്

പേജ് 4

മുഖ്യമന്ത്രി കണ്ണുരുട്ടി; ഐ.എ.എസുകാർ കൂട്ട അവധി സമരം പിൻവലിച്ചു

തിരുവനന്തപുരം: വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസിന്റെ നിലപാടുകളിൽ പ്രതിഷേധിച്ച് കൂട്ട അവധിയെടുത്ത് സമരം തുടങ്ങിയ ഐ.എ.എസ് ഉദ്യോഗസ്ഥർ മണിക്കൂറുകൾക്കുള്ളിൽ സമരത്തിൽ പിൻവാങ്ങി. ഇന്ന് രാവിലെ മുഖ്യമന്ത്രിയുമായി ഐ.എ.എസ് ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയെ തുടർന്നാണ് സമരത്തിൽ നിന്ന് പിൻമാറിയത്. ഐ.എ.എസ് ഉദ്യോഗസ്ഥരുടെ സമരത്തെ രൂക്ഷമായി വിമർശിക്കുന്ന നിലപാടാണ് ചർച്ചയിൽ മുഖ്യമന്ത്രി കൈക്കൊണ്ടത്.

ഐ.എ.എസ് ഉദ്യോഗസ്ഥരുടെ പ്രതിഷേധം അതീവ ഗൗരവമാണെന്ന് ചർച്ചക്ക് ശേഷം വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ഐ.എ.എസുകാരുടെ വികാരം സ്വാഭാവികമാണ്. എന്നാൽ വികാരവും നടപടിയും രണ്ടും രണ്ടാണ്. സർക്കാരിനെ ദുർബലപ്പെടുത്താൻ നോക്കേണ്ട. അതിന് വഴങ്ങില്ല. അവരുടെ സമരം ശരിയായില്ല. അത് അംഗീകരിക്കാനാവില്ല. ഭരണം നിയന്ത്രിക്കുന്നവർ തന്നെ പ്രതിഷേധിക്കരുത്. ഇക്കാര്യം ചർച്ചക്ക് വന്ന ഉദ്യോഗസ്ഥരെ അറിയിച്ചുവെന്നും അവർ അത് അംഗീകരിച്ചുവെന്നും മുഖ്യമന്ത്രി പറഞ്ഞു. വിജിലൻസ് അന്വേഷണങ്ങളിൽ സർക്കാർ ഇടപെടില്ല. ഐ.എ.എസുകാർക്കെതിരായ അന്വേഷണം ആദ്യമല്ല. വിജിലൻസ് ഡയറക്ടർക്കെതിരെ ഉയർന്ന ആരോപണങ്ങളിൽ നേരത്തെ അന്വേഷണം നടത്തി കുറ്റവിമുക്തനാക്കിയതാണ്. കോടതി അടക്കമാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. മുഖ്യമന്ത്രി പറഞ്ഞു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘമാണ് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. പ്രതിഷേധം സർക്കാറിനെതിരെയല്ലെന്ന് ഐ.എ.എസ് ഉദ്യോഗസ്ഥർ മുഖ്യമന്ത്രിയെ അറിയിച്ചു. മുഖ്യമന്ത്രിയുടെ നിലപാട് കർശനമായതോടെ ഐ.എ.എസുകാർ സമരത്തിൽ നിന്ന് പിൻമാറുകയായിരുന്നു.

കമൽ രാജ്യം വിട്ടുപോകണമെന്ന് ബി.ജെ.പി നേതാവ് രാധാകൃഷ്ണൻ

കോഴിക്കോട്: രാജ്യത്ത് ജീവിക്കാൻ കഴിയില്ലെങ്കിൽ സംവിധായകൻ കമൽ രാജ്യം വിട്ടുപോകണമെന്ന് ബി.ജെ.പി സംസ്ഥാന ജന. സെക്രട്ടറി എ.എൻ.രാധാകൃഷ്ണൻ. എസ്.ഡി.പി.ഐ പോലുള്ള തീവ്രവാദ സംഘടനകളിൽ പ്രവർത്തിക്കുന്ന ആളാണ് കമൽ. നരേന്ദ്രമോദിയെ നരഭോജി എന്ന് വിളിച്ചതിനുള്ള അംഗീകാരമാണ് അദ്ദേഹത്തിന് കിട്ടിയ ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനം.

ചെറുപ്പക്കാരെ വഴി തെറ്റിക്കുന്ന ചെഗുവേര ചിത്രങ്ങൾ കേരളത്തിലെ ഗ്രാമങ്ങളിൽ നിന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഗാന്ധിജിക്കും വിവേകാനന്ദനും മദർ തെരേസക്കും ഒപ്പംവെക്കാൻ കൊള്ളാവുന്ന ചിത്രമല്ല ചെഗുവേരയുടേത്. ലോകത്ത് ഏറ്റവും അധികം ആളെ കൊലപ്പെടുത്തിയവരിൽ ഒരാളാണ് ചെഗുവേര. ഇയാളുടെ ചിത്രങ്ങൾ കാണുന്ന ചെറുപ്പക്കാരാണ് തീവെച്ചും വെട്ടിയും ജനങ്ങളെ കൊല്ലാൻ നടക്കുന്നതെന്നും രാധാകൃഷ്ണൻ പറഞ്ഞു. ഗോഡ്സെയുടെ ചിത്രം വെക്കുന്നതിനെയും ബി.ജെ.പി അംഗീകരിക്കില്ലെന്നും വാർത്താസമ്മേളനത്തിൽ രാധാകൃഷ്ണൻ വ്യക്തമാക്കി.

വാഹനാപകടത്തിൽ പരിക്കേറ്റ വൃദ്ധൻ മരിച്ചു

പയ്യന്നൂർ: വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുകയായിരുന്ന വൃദ്ധൻ മരണമടഞ്ഞു. റിയൽ എസ്റ്റേറ്റ് ഏജന്റായ കുഞ്ഞിമംഗലം പറമ്പത്തെ ഒ.കെ. കൃഷ്ണൻ (60) ആണ് മരിച്ചത്. കഴിഞ്ഞ ഏഴിന് ഉച്ചക്ക് ഒരു മണിയോടെ എടാട്ട് കോളേജ് – കണ്ടങ്കുളങ്ങര ജംഗ്ഷനിലായിരുന്നു അപകടം. ദേശീയ പാതയിൽ നിന്ന് കണ്ടങ്കുളത്തെ ഭാഗത്തേക്ക് പോകുമ്പോൾ പിറകിൽ വന്ന ഓട്ടോറിക്ഷ കൃഷ്ണൻ ഓടിച്ച ബൈക്കിൽ ഇടിക്കുകയായിരുന്നു. തെറിച്ചുവീണ് ഗുരുതരമായി പരിക്കേറ്റ കൃഷ്ണനെ പരിയാരം മെഡിക്കൽ കോളേജിലും തുടർന്ന് മംഗലാപുരം ആശുപത്രിയിലും പ്രവേശിപ്പിക്കുകയായിരുന്നു. ഇന്നലെ രാത്രി 10 മണിയോടെയായിരുന്നു അന്ത്യം. പരേതനായ കോരൻ–മീനാക്ഷി ദമ്പതികളുടെ മകനാണ്. ഭാര്യ: ശശികല. മക്കൾ: പ്രജീഷ് (വർക്ക്ഷോപ്പ്), പ്രബിത. മരുമകൻ: സനോജ് (കണ്ടോത്ത്). സഹോദരി: പത്മിനി.

ഇരിട്ടിയിൽ ജ്വല്ലറിയുടെ ചുമര് കുത്തിത്തുരന്ന നിലയിൽ

ജ്വല്ലറിയിൽ ചുമര് തുരന്ന് കവർച്ചാശ്രമം

ഇരിട്ടി: ജ്വല്ലറിയുടെ ചുമര് കുത്തിത്തുറന്ന് കവർച്ചാശ്രമം. ഇരിട്ടി മേലേ സ്റ്റാന്റിലെ താളുകണ്ടത്തിൽ ജ്വല്ലറിയിലാണ് കവർച്ചാശ്രമം. പിറകുവശത്തെ ചുവര് വൃത്താകൃതിയിൽ തുരന്നിട്ടുണ്ട്. ജ്വല്ലറിക്കകത്തെ ചുമരിനോട് ചേർന്ന പ്ലൈവുഡ് മറ കുത്തിത്തുറക്കാൻ സാധിക്കാത്തതിനാലാണ് കവർച്ച വിഫലമായത്. സ്കറിയാച്ചൻ എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണ് കട. ഇന്ന് രാവിലെയാണ് സംഭവം ശ്രദ്ധയിൽപ്പെട്ടത്. ഇരിട്ടി പോലീസ് അന്വേഷണം തുടങ്ങി.

കുപ്രസിദ്ധ മോഷ്ടാവ് പോക്കറ്റടിക്കിടെ പിടിയിൽ

തളിപ്പറമ്പ: ബസ് യാത്രയ്ക്കിടെ 24,000രൂപ പോക്കറ്റടിച്ച കുപ്രസിദ്ധ മോഷ്ടാവിനെ നാട്ടുകാർ പിടികൂടി. ഇന്ന് രാവിലെ തളിപ്പറമ്പ കപ്പാലത്തായിരുന്നു സംഭവം. തളിപ്പറമ്പുകാരനായ അലിയുടെ ഷർട്ടിന്റെ പോക്കറ്റിൽ നിന്നും പണമെടുത്ത നടുവിലെ ചപ്പൻ ഹംസ (49)യാണ് കുടുങ്ങിയത്. മന്നയിലേക്ക് പോകാൻ തളിപ്പറമ്പിൽ നിന്നും ബസ് കയറിയതാണ് അലി. ഏറെനേരം ഇയാളുടെ പിന്നിൽ ഹംസ നിന്നിരുന്നു. പെട്ടെന്ന് നോക്കിയപ്പോൾ പോക്കറ്റിലെ പണം കാണാനില്ല. ഹംസ കപ്പാലത്ത് ഇറങ്ങുന്നത് കണ്ട് സംശയം തോന്നിയ അലി പിന്നാലെ ഇറങ്ങി. ഇതുകണ്ട്

കള്ളൻ പണം റോഡിൽ ഉപേക്ഷിച്ചു. പിന്നീട് നാട്ടുകാർ ചേർന്ന് ഇയാളെ പിടികൂടുകയായിരുന്നു. ബാങ്കിൽ നിന്നും പിൻവലിച്ച തുകയാണ് അലിയുടെ കയ്യിൽ ഉണ്ടായിരുന്നത്. ഹംസ നേരത്തെയും നിരവധി മോഷണ കേസുകളിൽ പ്രതിയാണ്.

പുഴാതിയിൽ രണ്ട് വീടുകളിൽ കവർച്ച

കണ്ണൂർ: പുഴാതി പയറ്റിക്കാവിനടുത്ത രണ്ട് വീടുകളിൽ നിന്ന് അലമാരയിൽ സൂക്ഷിച്ച സ്വർണ്ണാഭരണ ശേഖരം കവർച്ച ചെയ്തു. അൽമാസിൽ റുബീനയുടെ വീട്ടിൽ നിന്ന് ഇരുപത്തിനാലര പവന്റെ സ്വർണ്ണാഭരണങ്ങളാണ് കവർച്ച ചെയ്തത്. തൊട്ടടുത്ത അഡ്വ. ലേഖയുടെ വീട്ടിൽ നിന്ന് പത്ത് പവന്റെ സ്വർണ്ണാഭരണങ്ങളും കവർച്ച ചെയ്തു. സംശയത്തെ തുടർന്ന് കവർച്ച നടന്ന വീടുകളിലെ ഒന്നിലെ ബീഹാറുകാരിയായ തൂപ്പുകാരി ഉൾപ്പെടെ ഏതാനും പേരെ വളപട്ടണം സി.ഐ സി.കെ. രത്നകുമാറും എസ്.ഐ ശ്രീജിത്ത് കൊടേരിയും കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണ്.

ജില്ലാ ആശുപത്രിയിൽ മോഷണം

കണ്ണൂർ: ജില്ലാ ആശുപത്രിയിലെ കക്കൂസിന്റെ ചുമരിന് മുകളിൽ വെച്ച പേഴ്സ് മോഷണം പോയി. എം.എം.ടു വാർഡിൽ കഴിയുന്ന ഭാസ്കരന്റെ പണമടങ്ങിയ പേഴ്സാണ് കള്ളൻ കൊണ്ടുപോയത്. ഭാസ്കരന്റെ മകൻ മുഴുക്കുന്നിലെ അശോക നിവാസിൽ കെ. അഭിലാഷ് സിറ്റി സ്റ്റേഷനിൽ പരാതി നൽകി. ഇന്ന് രാവിലെയാണ് സംഭവം.

തളിപ്പറമ്പിലെ പെട്രോൾപമ്പിൽ കള്ളന്റെ വിളയാട്ടം; ഹോട്ടലിൽ നിന്ന് ഭണ്ഡാരം കവർന്നു

തളിപ്പറമ്പ: തളിപ്പറമ്പിലെ പെട്രോൾപമ്പിൽ കയറി മോഷ്ടാവ് അരമണിക്കൂറോളം സ്ഥാപനം അരിച്ചുപെറുക്കി. എന്നാൽ ഒന്നും ലഭിക്കാതെ നിരാശയോടെ മടങ്ങി. അതേസമയം തൊട്ടടുത്ത ഹോട്ടലിൽ ഉണ്ടായിരുന്ന പള്ളി വക സംഭാവനപ്പെട്ടി കുത്തിത്തുറന്ന് പണം കവർന്നു.

മദ്രസക്ക് സമീപത്തെ സക്കീന ഫ്യൂവൽസിൽ ഇന്നലെ പുലർച്ചെയായിരുന്നു കള്ളന്റെ പരാക്രമം. കത്തിവാൾ ഉപയോഗിച്ച് കാബിന്റെ ഗ്ലാസ് പാളി തള്ളിനീക്കി അകത്ത് കടന്ന് ഓഫീസ് മുറി കുത്തിതുറക്കുകയായിരുന്നു. പുലർച്ചെ 1.20 മുതൽ 1.50 വരെ ഓഫീസ് മുറിയിലെ സകലതും വാരിവലിച്ചിട്ട് ഇയാൾ പരിശോധന നടത്തി. ഇതിന്റെ ദൃശ്യങ്ങൾ പെട്രോൾപമ്പിന്റെ സി.സി.ടി.വിയിൽ പതിഞ്ഞിട്ടുണ്ട്. വെളുത്ത ഷർട്ടും മുണ്ടും ധരിച്ച സുമുഖനായ യുവാവാണ് ദൃശ്യങ്ങളിലുള്ളത്. തെരച്ചിൽ പുരോഗമിക്കുന്നതിനിടയിലാണ് സ്ഥാപനത്തിലെ സി.സി.ടി.വി ക്യാമറ ഇയാളുടെ ശ്രദ്ധയിൽപ്പെട്ടത്. ഇതോടെ ഇയാൾ കീശയിൽ നിന്ന് ടൗവലെടുത്ത് മുഖം മറക്കുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്. പെട്രോൾപമ്പ് ഉടമ പി.പി. ഉമ്മറിന്റെ പരാതിയിൽ പോലീസ് കേസെടുത്തു.

തളിപ്പറമ്പിലെ പെട്രോൾ പമ്പിൽ കയറിയ മോഷ്ടാവിന്റെ ദൃശ്യം സി.സി.ടി.വി കേമറയിൽ

പെട്രോൾപമ്പിന്റെ തൊട്ടടുത്തുള്ള അൻസാർ ഹോട്ടലിൽ നിന്നാണ് സംഭവാനപ്പെട്ടി കവർന്നത്. കാക്കാത്തോടിലെ യൂനുസിന്റെ ഉടമസ്ഥതയിലുള്ളതാണ് ഹോട്ടൽ. ഇതിന്റെ പിറകിലും ഇതേ യുവാവാണെന്നാണ് കരുതുന്നത്.

തളിപ്പറമ്പ് ഇസ്ലാമിക് സെന്റർ സംഘടിപ്പിക്കുന്ന
ഉസ്താദ് ജലീൽ റഹ്മാനി വാണിയന്നൂരിന്റെ
മാസാന്ത ഖുർആൻ പഠന പ്രഭാഷണം
ഇന്ന് (തിങ്കൾ) മഗ്‌രിബ് നിസ്കാരാനന്തരം തളിപ്പറമ്പ് പുഷ്പഗിരിയിൽ
(ഖദീജത്തുൽ കുബ്റാ ഹിഫ്ളുൽ ഖുർആൻ മദ്റസ പരിസരം)
വിഷയം: സർവ്വ സ്തുതിയും അല്ലാഹുവിനാണ്. ഏവർക്കും സ്വാഗതം

സന്തോഷവാർത്ത
ഇന്നലെ നറുക്കെടുത്ത പൗർണ്ണമി ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം
65 ലക്ഷം
ഞങ്ങളുടെ വിൽപ്പനയിൽ ലഭിച്ചിരിക്കുന്നു
ടിക്കറ്റ് നമ്പർ: RH-607523
Since 1997
തമ്പുരാൻ ലോട്ടറി ഏജൻസീസ് TM
തളിപ്പറമ്പ Ph: 9847753088.
കാഞ്ഞങ്ങാട് Ph: 9847749188
ചെറുപുഴ Ph: 9847751388
പി.വി.രാജീവൻ ഏജൻസി No. C-4087